©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

വാല്യം 4 / Vol. IV — തിരുവനന്തപുരം, ചൊവ്വ / Thiruvananthapuram, Tuesday — 2015 നവംബർ 17 / 17th November 2015 — 1191 വൃശ്ചികം 1 / 1st Vrischikam 1191 — 1937 കാർത്തികം 26 / 26th Karthika 1937 — നമ്പർ / No. 2519

## കേരള സർക്കാർ

സാംസ്കാരിക കാര്യ (സി) വകുപ്പ്

വിജ്ഞാപനം

സ. ഉ. (കൈയെഴുത്ത്) നമ്പർ 37/2015/സാം.കാ.വ.

*തിരുവനന്തപുരം, 2015 നവംബർ 4 / 1191 തുലാം 18.*

**എസ്. ആർ. ഒ. നമ്പർ 751/2015.**—2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്റ്റിലെ (2011-ലെ 6) 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ, 2013 ജനുവരി 8-ാം തീയതിയിലെ സ. ഉ. (കൈയെഴുത്ത്) നമ്പർ 1/2013/സാം.കാ.വ. പ്രകാരം രൂപീകരിച്ച് 2013 മാർച്ച് 27-ാം തീയതിയിലെ 909-ാം നമ്പർ അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 246/2013 ആയി വിജ്ഞാപനം ചെയ്ത 2013-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതിക്ക് സർക്കാർ ഇതിനാൽ താഴെ പറയും പ്രകാരമുള്ള ഭേദഗതി വരുത്തുന്നു, അതായത്:—

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2015.

33/4276/2015/S-12.

പദ്ധതി

1. **ചുരുക്കപ്പേരും പ്രാരംഭവും.**—(1) ഈ പദ്ധതിക്ക് 2015-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി (ഭേദഗതി) പദ്ധതി എന്ന പേര് പറയാം.

(2) ഈ പദ്ധതിക്ക് 2013 ജനുവരി 8 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

2. **പദ്ധതിയുടെ ഭേദഗതി.**—2013-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതിയിലെ 14-ാം ഖണ്ഡികയിലെ (1)-ാം ഉപഖണ്ഡികയ്ക്ക് കീഴിൽ താഴെ പറയും പ്രകാരം ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്:

"എന്നാൽ 55 വയസ്സിനും 60 വയസ്സിനുമിടയ്ക്ക് അംഗത്വം നേടുന്നയാൾക്ക് അറുപതു വയസ്സുവരെ തുടർച്ചയായി അംശദായം അടയ്ക്കാവുന്നതും, അറുപതു വയസ്സാകുമ്പോൾ അഞ്ചു വർഷത്തെ അംശദായം അടയ്ക്കാനുള്ള മൊത്തം തുകയിൽ ബാക്കി വരുന്ന തുക ഒറ്റത്തവണയായി അടയ്ക്കാവുന്നതും, ടിയാൾക്ക് സൂപ്പറാന്വേഷൻ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതുമാണ്."

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

റാണി ജോർജ്ജ്,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2013 മാർച്ച് 27-ാം തീയതിയിലെ 909-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ച എസ്. ആർ. ഒ. നമ്പർ 246/2013 ആയി വിജ്ഞാപനം ചെയ്ത 2013-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതിയിലെ 14-ാം ഖണ്ഡിക 1-ാം ഉപഖണ്ഡിക പ്രകാരം കുറഞ്ഞത് 5 വർഷം തുടർച്ചയായി അംശാദായം അടച്ച ഒരംഗത്തിന് അറുപത് വയസ്സു തികയുന്നതിന്റെ അടുത്ത മാസം മുതലോ 2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ടിലെ 7-ാം വകുപ്പിന്റെ 1-ാം ക്ലിപ്ത നിബന്ധന പ്രകാരം അംഗത്വം ലഭിച്ച ഒരാളിന്, അംഗത്വം ലഭിച്ച് ഒരു മാസം പൂർത്തിയാകുമ്പോൾ മുതലോ സൂപ്പറാന്വേഷൻ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്. എന്നാൽ 55 വയസ്സിനും 60 വയസ്സിനുമിടയ്ക്ക് അംഗത്വം നേടുന്നയാൾക്ക് 60 വയസ്സിനുള്ളിൽ അഞ്ചുവർഷത്തെ അംശദായം തുടർച്ചയായി അടയ്ക്കാൻ കഴിയാത്ത സ്ഥിതിയുണ്ടാകുന്നു. അവർക്കുകൂടി പെൻഷൻ ലഭിക്കുംവിധം 60 വയസ്സിനുള്ളിൽ അഞ്ചുവർഷത്തെ അംശദായം അടയ്ക്കുവാനുള്ള സൗകര്യം നൽകുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ഉദ്ദേശ്യം നിറവേറ്റുന്നതിന് വേണ്ടിയുള്ളതാണ് ഈ വിജ്ഞാപനം.